പരിസ്ഥിതി

സ്കൂൾ തുറന്നു. ലീനയും കൂട്ടുകാരും വഴിയരികിലൂടെ നടന്നു പോവുകയായിരുന്നു. സുബ്ബുവും മിഥുവും സൈക്കിളിലും. അവർ സ്കൂളിൽ എത്തി. ബുക്ക് എല്ലാം ലഭിച്ചു. പുതിയ കൂട്ടുകാരെയും കിട്ടി. അവൾ എല്ലാവരോടും പരിജയപെട്ടുകഴിഞ്ഞപ്പോൾ. ഒരു കുട്ടി ആരോടും മിണ്ടാതെ ഇരിക്കുന്നത് കണ്ടു. അവളോട് മിണ്ടാൻ വേണ്ടി ചെന്നപ്പോൾ അവളൊന്നും മിണ്ടിയില്ല. കാരണം അവളൊരു ഊമയായിരുന്നു. ലീനയ്ക്ക് അവളോട് സഹദാബം തോന്നി. അവളെ ഒരുപാട് ലീനയ്ക്ക് ഇഷ്ടമായി. സ്കൂൾ വിട്ടു. അവൾ വീട്ടിൽ എത്തി. ചായകുടിച്ചതിനു ശേഷം അമ്മയോട് ആ കുട്ടിയെ കുറിച്ച് എല്ലാം പറഞ്ഞു. അമ്മയ്ക്ക് തന്റെ ബാല്യം ഓർമ വന്നു. പിറ്റേന്ന് സ്കൂളിൽ വന്നു. ആ കുട്ടിയുമായി കൂട്ടുകൂടി. ദിവസങ്ങൾ കഴിഞ്ഞു പോയി. അവരുടെ സ്കൂളിൽ ഒരു പരിസ്ഥിതി ക്യാമ്പ് ഉണ്ടായിരുന്നു. അവർ ഇരുവരും അതിനു കൂടി. അവൾക് ആ ക്യാമ്പ് കഴിഞ്ഞപ്പോൾ പരിസ്ഥിതി മലിനീകരണം തടയണം എന്നു തോന്നി. അത് മാത്രമല്ല അതിന് ബോധവൽക്കരണം നടത്തണം എന്നും അവൾ തീരുമാനിച്ചു. അങ്ങനെ ആ നാട്ടിലുള്ള ആളുകളെ വിളിച്ചു വീടും പരിസരവും വൃത്തിയാക്കുക എന്ന സന്ദേശം അവൾ കൊണ്ട് വന്നു. അങ്ങനെ അവർ എല്ലാം വൃത്തിയാക്കി. പിറ്റേ ദിവസം റോഡിലേക്ക് നോക്കിയപ്പോൾ അവൾ അത്ഭുതപെട്ടു പോയി. റോഡ് പഴയതുപോലെ കിടക്കുന്നു. ആരാണ് ഇതെല്ലാം ഇവിടെ കൊണ്ട് ഇടുന്നത് എന്നു നോക്കാൻ അവൾ തീരുമാനിച്ചു. കുറച്ചു സമയത്തിന് ശേഷം ഒരു വാഹനം അതു വഴി പോയി. അതിൽ നിന്ന് ഒരാൾ വേസ്റ്റ് കാറിൽ നിന്നും റോഡിലേക്ക് വലിച്ചെറിയുന്നതു അവൾ കണ്ടു. അവരെ അവൾ വിളിച്ചു. കേൾക്കാത്തതു പോലെ അവർ പോയി. അവൾക് ദേഷ്യം വന്നു. അവൾ അകത്തേക്ക് പോയി. പിറ്റേന്ന് അവൾ സ്കൂളിൽ പോയപ്പോൾ അവിടെയുള്ള മാലിന്യങ്ങളെല്ലാം റോഡിലേക്ക് ഇടുന്നത് അവൾ കണ്ടു. അവരുടെ അടുത്തേക്ക് അവൾ ചെന്നു. ഏന്നിട്ട് ചേച്ചി നിങ്ങൾ ചെയ്തത് തെറ്റാണ്, ഈ മാലിന്യങ്ങളെല്ലാം റോഡിൽ നിക്ഷേപികരുത്.

ആ ചേച്ചി ചോദിച്ചു: പിന്നെ ഇതെല്ലാം എന്തു ചെയ്യാനാ, അവൾ പറഞ്ഞു : ഒഴിഞ്ഞ സ്ഥലങ്ങളിൽ ഒരു കുഴി കുഴിച്ചു അതിലേക് ഇതെല്ലാം നിക്ഷേപിക്കുക.

ഇതു മാത്രമല്ല, പരമാവധി പ്ലാസ്റ്റിക് ഉപയോഗം തടയുക, മാലിന്യങ്ങൾ റോഡിൽ നിക്ഷേപിക്കുന്നവരെ അതിൽ നിന്നും തടയുക. എല്ലാവർക്കും അതിനെ കുറച്ചു ബോധവൽക്കരണം നടത്തുക. ഇത്രയും ചെയ്താൽ നമ്മുക്ക് പരിസ്ഥിതി സംരക്ഷിക്കാൻ ആകും. പരിസ്ഥിതിയെ സംരക്ഷിക്കാൻ ലീനയെ പോലുള്ള കുട്ടികളുടെ പ്രവർത്തനത്തിൽ പങ്കാളിയാകൂ. പരിസ്ഥിതി സംരക്ഷിക്കു.

SHIFNA 8D GHSS MARAYAMANGALAM SHORNUR SUBDISRTICT